
little KITEs



# സർഗ്ഗം

## ഡിജിറ്റൽ മാഗസിൻ

## എസ്.എം.എച്ച്.എസ്
## അയിലൂർ

## ആശംസ



മാറ്റത്തിൻെറ ശംഖൊലി മുഴക്കിക്കൊണ്ട് കേരളത്തിലെ പൊതു വിദ്യാലയങ്ങൾ അടിമുടി മാറി കഴിഞ്ഞു. ഇതിൻെറ ഭാഗമായി വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സിൻെറ വിവിധ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾ ലോകത്തിനു മുമ്പിൽ തുറന്നുകാട്ടുന്നതിന് ലിറ്റിൽ കൈറ്റ്സ് വഴിയൊരുക്കുന്നു . സ്കൂൾ മാഗസിൻ കുരുന്നു പ്രതിഭകൾക്ക് ഉള്ള അവസരമാണ് . ലിറ്റിൽ കൈറ്റ്സിൻെറ ഡിജിറ്റൽ മാഗസിൻ സ്കൂളിൻെറ മികവാർന്ന പ്രവർത്തനങ്ങൾക്ക് തിളക്കം കൂട്ടുകയാണ്. ഇതിൻെറ പിന്നിലുള്ള എല്ലാ അദ്ധ്യാപർക്കും വിദ്യാർത്ഥികൾക്കും ആശംസ നേരുന്നു.

**M BABU**
**HEAD MASTER**



## എഡിറ്റോറിയൽ

എസ്.എം ഹൈസ്കൂളിൽ അനുവദിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സിൻെറ സജീവപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വിദ്യാലയത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ചിത്രങ്ങളും വിവരണവും ഉൾ പ്പെടുത്തിക്കൊണ്ട് 5 മുതൽ 10 വരെയുള്ള കുട്ടികളുടെ പ്രവർത്തനങ്ങളാണ് ഈ ഡിജിറ്റൽ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഉദ്യമത്തിലൂടെ പുതിയ തലമുറയിലെ
വിദ്യാർത്ഥികൾക്ക് ഉൻമേഷം പകരുന്നതിനും ആധുനിക ലോകത്തേയ്ക്ക് പറന്നുയരാനുള്ള കഴിവ് ഉണ്ടാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

**JOHNY DIAN**

ചീഫ് എഡിറ്റർ

# പത്രാധിപ സമിതി



**M BABU**
**HEAD MASTER**
**& MANAGING EDITOR**



**JOHNY DIAN**
**CHIEF EDITOR**



**M.N RAMAPRASAD**
**SITC**



**DEEPARADHAKRISHNAN**
**JSITC & LK MISTRESS**



**REMYA S**
**LK MISTRESS**



**RAMSIYA A**
**EDITOR**



**SHAMNA A**
**DEPUTY EDITOR**

# ഉള്ളടക്കം

1. പരിസ്ഥിതി ദിനാചരണം

2.വായനാ ദിനം

3. ലഹരി വിരുദ്ധദിനം

4. വൃദ്ധസദനത്തിലേക്കൊരു യാത്ര

5. പൂക്കളവും ഓണസദ്യയും

6. ഹിരോഷിമ നാഗസാക്കി ദിനം

7. പുതിയ വിദ്യാലയം കവിത

8. ചാന്ദ്രയാൻ LIVE TELECAST

9. പോസ്റ്റോഫീസ് സന്ദർശനം

10. അദ്ധ്യാപക ദിനം

11. പുരാവസ്തു പ്രദർശനം

12. ഫീൽഡ് ട്രിപ്പ്

13. ശിശുദിനം

14. ഉപജില്ലാ കലോത്സവം

15 . സോപ്പ് നിർമാണം

16. കുട്ടികളുടെ രചനകൾ

17. അമ്പിളി മാമൻ

18. എന്റെ കൊച്ചു ഗ്രാമം

19. കേരളം

20. തിളങ്ങുന്ന നക്ഷത്രം

21. നിലാവ്

22. മഴവില്ല്

23. ഒരിക്കലും നടക്കാത്ത മോഹങ്ങൾ

24. കവിയെ തേടി

25. F M RADIO: SMHS106.1


ജൂൺ 5
ലോക പരിസ്ഥിതി ദിനം
ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു!
നടു നിവർക്കാനൊരു
കുളിർനിഴൽ നടുന്നു
പകലുറക്കത്തിനൊരു
മലർവിരി നടുന്നു



# June 19 വായനാ ദിനം



June 19 വായനാദിനം വളരെ വിപുലമായി ആചരിച്ചു . പോറ്റർ നിർമ്മാണം നടത്തി . ഏഴാം ക്ലസിലെ കുട്ടികൾ പി.എൻ പണികരുടെ ചിത്രം വരച്ച് പോസ്റ്റർ നിർമ്മിച്ചു. പ്രകൃതി വർണന, വായനമത്സരം, കവിതാലാപനം, കൈയ്യെഴുത്ത് മത്സരം, കഥാരചന എന്നിവ തുടർപ്രവർത്തനങ്ങളായി നടത്തി . യഥാക്രമം മത്സരവിജയികൾക്കുള്ള സമ്മാനം വിതരണവും നടത്തി.

# ലഹരി വിരുദ്ധദിനം


YOU CANNOT CHANGE YOUR FUTURE,
BUT, YOU CAN CHANGE YOUR HABITS,
AND SURELY YOUR HABITS WILL



# വൃദ്ധസദനത്തിലേക്കൊരു യാത്ര



**പാഠഭാഗവുമായി ബന്ധപെട്ടു വൃദ്ധസദനത്തിലേക് നടത്തിയ യാത്ര വിദ്യാർത്ഥികളുടെ കണ്ണ് നനയിച്ചു . വളർത്തി വലുതാക്കിയ മാതാപിതാക്കളെ വൃദ്ധസദനത്തിലേക്ക് നട തള്ളിവിടുന്ന കാഴ്ച കുട്ടികളെ നൊമ്പര പെടുത്തി . അവരുമായി ചിലവിട്ട കുറച്ച സമയം പട്ടു പാടി നൃത്തം ച്യ്ത്ത അവരെ സന്തോസിപ്പിക്കാൻ കുട്ടികൾക്ക് കഴിഞ്ഞു .**

# പൂക്കളവും ഓണസദ്യയും







# മുതിർന്നവർക്കൊരു ഓണക്കോടി







നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ വീടുകളിൽ 65 വയസിനു മുകളിൽ പ്രായമുള്ള മുത്തശ്ശനും മുത്തശ്ശിക്കും നേ

സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓണക്കോടി നൽകി .

## ഹിരോഷിമ നാഗസാക്കി ദിനം
## സഡാക്കോ കൊക്കുകളുടെ നിർമ്മാണം



# പുതിയ വിദ്യാലയം

എൻെറ വിദ്യാലയം എൻെറ വിദ്യാലയം

പുതിയൊരു വിദ്യാലയം

സ്നേഹം വിതറുന്ന വിദ്യാലയം

ആ പുതിയൊരു വിദ്യാലയത്തെ

ഒത്തിരി ഒത്തിരി ഇഷ്ട്മായി

ഒട്ടേറെ കാഴ്ചകൾ  ഇവിടെയുണ്ട്

ഒത്തിരി അധ്യാപകരിവിടെയുണ്ട്

ഉഷടീച്ചറാണെൻെറ ക്ലാസ് ടീച്ചറ്

ഇംഗ്ലീഷും ഗണിതവുമാണ വിഷയം

വളരെ അധികം വിശദീകരിച്ച്

പറഞ്ഞു തരുന്നൊരു അധ്യാപിക

ഒത്തൊരുമയുള്ളൊരു വിദ്യാലയം

എസ് എമ് എച്ച് എസ് എന്ന് പേരുമുണ്ട്

ഒത്തിരി ഒത്തിരി ഇഷ്ടമായി

ഒത്തിരി ഒത്തിരി സ്നേഹമായി.

വിശാഖ്

6.B

# ചാന്ദ്രയാൻ LIVE TELECAST






# പോസ്റ്റോഫീസ് സന്ദർശനം

അദ്ധ്യാപക ദ





## തപാലോഫീസ് സന്ദർശിച്ചു

അയിലൂർ ► എസ്.എം. ഹയർസെക്കൻഡറി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർഥികൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി അയിലൂർ തപാലോഫീസ് സന്ദർശിച്ചു. വിവിധ സേവനങ്ങൾ, പ്രവർത്തനരീതി, കത്തുകളിൽ മുദ്ര പതിപ്പിക്കുന്നരീതി എന്നിവ പോസ്റ്റ് മാസ്റ്റർ വിജയലക്ഷ്മി വിശദീകരിച്ചു. അധ്യാപകരായ ആർ. സരിത, ജി. ഉഷ, വി. സരസ്വതി, എം.കെ. സബാന തുടങ്ങിയവർ നേതൃത്വം നൽകി.

# അദ്ധ്യാപക ദിനം






# പുരാവസ്തു പ്രദർശനം






# ഫീൽഡ് ട്രിപ്പ്



## ശിശുദിനം



## ഉപജില്ലാ കലോത്സവം









# സോപ്പ് നിർമാണം

സയൻസ് പഠനപ്രവർത്തനവുമായി ബന്ധപെട്ട് നിത്യജീവിതത്തിൽ രസതന്ത്രത്തിന്റെ പ്രാധാന്യം മനസിലാക്കുവാനും അതിനോടൊപ്പം മായം ചേർക്കാതെ സോപ്പ് നിർമിക്കുന്നതിനും അത് വിദ്യാർത്ഥികളിൽ തന്നെ മിതമായ നിരക്കിൽ വിറ്റഴിക്കുന്നതിനും കുട്ടികൾ മുൻകൈയെടുത്തു .ഇതിനോടൊപ്പം സോപ്പ്പൊടി ഫിനോയിൽ എന്നിവ കൂടി നിർമ്മിച്ചു .



# കുട്ടികളുടെ രചനകൾ






# അമ്പിളി മാമൻ

ആരു നിനക്കീ  നിറമേകീ

വെളുത്ത അമ്പിളിമാമ

നിന്നെ കണ്ടാൽ മാമുകഴിക്കും

കുഞ്ഞുങ്ങൾക്കുണ്ടൊരുത്സാഹം

അമ്പിളിമാമ വന്നാലും

എന്നിലരികിലിരുന്നാലും

അമ്പിളിമാമനൊരു ഉമ്മ തരട്ടെ

എന്നടെ കൂടെ വരുമോ നീ

അമ്പിളി മാമ പോവല്ലെ

എന്റെ ഹൃദയം നോവില്ലെ

അമ്പിളി മാമ മാമു തരാം

താഴെവന്ന് ഇരുന്നാലും

ആരുണ്ടവിടെ നിനക്കൊരു കൂട്ട്

തന്നെ ഇരുന്നാൽ മുഷിയില്ലെ.

വിശാഖ്

6 B

# എൻെറ കൊച്ചു ഗ്രാമം

കാട്ടും മലകളും തോട്ടും പുഴകളും

തിങ്ങിയ കൊച്ചു ഗ്രാമമാണേന്റേത്.

പച്ചപ്പ് പരന്ന അയിലൂരെന്നൊരു

കൊച്ചു ഗ്രാമമാണെന്റേത്

അയിലൂരെന്നൊരു പുഴയൊഴുകുന്നൊരു

കൊച്ചു ഗ്രാമമാണെന്റേത്

എസ്. എം. എച്ച്. എസ് എന്നെന്റെ വിദ്യാലയം

സ്ഥിതി ചെയ്യുന്നൊരു ഗ്രാമമാണ്.

എത്ര സുന്ദരം എന്റെ

കൊച്ചു ഗ്രാമം

എത്ര സുന്ദരം എന്റെ കൊച്ചു ഗ്രാമം.

അൽഷിയ

7 A

# കേരളം

കേരളം കേരളം എന്റെ നാട്

കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്

പട്ടു വിരിച്ച നെൽപാടങ്ങളും

അരിവികളുള്ളൊരു നല്ല നാട്

പക്ഷികളുള്ളൊരു പുണ്യനാട്

കവികൾ ജനിച്ച എൻ കേരള നാട്

കേരളം കേരളം എന്റെ നാട്

കേരളം എന്നുടെ സ്വന്തം നാട്.

വിശാഖ്

6.B

# തിളങ്ങുന്ന നക്ഷത്രം

മിന്നി മിന്നി തിളങ്ങുന്ന നക്ഷത്രങ്ങളെ
നിന്നെ കാണും കാണും നേരം തൊട്ടെൻ
ഇഷ്ടം തോന്നുന്നു
നിന്റെ സ്നേഹം എൻ മനസ്സിൽ
പതിഞ്ഞു പോയി
ഈ സ്നേഹം വേണ്ട എന്നു വെക്കാൻ
എനിക്കാവില്ല
നിൻെറ ചിത്രം എൻ മനസ്സിൽ
കുത്തി ക്കേറുമ്പോൾ
അത് കണ്ണിരായി ഒറ്റിക്കാതെ
നീയും നോക്കണെ.

വിശാഖ്
6.B

# നിലാവ്

മിന്നി തിളങ്ങുന്ന ചന്ദ്രനെ കാണുമ്പോൾ
എൻ മനസ്സാകെ കുളിർത്തു നിൽക്കും
സൂര്യൻെറ യാത്ര തിളക്കമില്ലെങ്കിലും
ചന്ദ്രനെ കാണാനാണേറെ ഇഷ്ടം
ഉണ്ണിയെ ചോറൂട്ടാൻ പ്രയാസപ്പെട്ടമ്മ
ചന്ദ്രനെ കണ്ടപ്പോൾ സന്തോഷിച്ചു
ലോകമെല്ലാം തിളങ്ങുന്ന ചന്ദ്രനെ
കാണുന്നതെൻെറ വലിയ ഭാഗ്യം
എൻ മനം നിറഞ്ഞതു ചന്ദ്രനാൽ
ചന്ദ്രനാണീ ലോകത്തെ ആദ്യ ദൈവം
രാവിലെ സൂര്യനും രാത്രിയിൽ ചന്ദ്രനും
മറഞ്ഞു കളിക്കുന്നതെന്തിനാവോ?
അപ്പോളോ വാഹനം വന്നിറങ്ങി അതിൽ
നിന്നൊരു നീലാം സട്രോങ്ങ് കാലുകുത്തി
എൻ മനമാകെ നിറഞ്ഞായി ചന്ദ്രനെ
എന്നുള്ളിൽ വെച്ചു ഞാൻ പൂജിക്കുന്നു

# മഴവില്ല്

ഏഴ്ഴ നിറത്തിൽ മഴവില്ല്
ഏഴഴകുളെള്ളാരു മഴവില്ല്
വാനിൽ വിരിയും മഴവില്ല്
കാണാൻ രസികൻ മഴവില്ല്
കാവടി പോലെ മഴവില്ല്
കുളിർമയേകും മഴവില്ല്
അഴകു വിടർത്തും മഴവില്ല്
സുന്ദരിയാമി മഴവില്ല്
ഏഴ്ഴ നിറത്തിൽ മഴവില്ല്.

നിഭ

5.A

# ഒരിക്കലും നടക്കാത്ത മോഹങ്ങൾ

ദുരിങ്ങളിലും ദുരിദങ്ങളിലേയ്ക്ക്
നടന്നകലുവാൻ മോഹം
പരുന്തിനെ പോലെ ആകാശം മുട്ടെ
പഫക്കുവാൻ ജിവിതമെന്ന
മഹസാഗരത്തെ നീന്തികടക്കുവാൻ
മതിയാവോളം പൊട്ടിചിരിക്കുവാൻ മോഹം
ദുഖ:ഖങ്ങളില്ലാതെ പുജിരിയോടെ
നിദ്ര പൂക്കുവാൻ മോദഹം
ദിവ്യ മംഗലവാണിയാക്കുവാൻ മോഹം
ഒരു നിറമുള്ള സ്വപ്നം കാണുവാൻ
ധനുമാസക്കാറ്റിൻെറ ഈണം
ധനുനാസ ക്കാറ്റിൻെറ ഈണം
ശ്രുവിക്കുവാൻ മോഹം

പുഷ്പങ്ങളിലെ തേൻ നുക്കരാൻ എത്തുന്ന
ശലഭമാക്കുവാൻ മോഹം
നടക്കാത്ത മോഹങ്ങളാണെന്നറിയാം
എങ്കിലും ഞാനിന്നു മോഹിക്കും

അഖില

# കവിയെ തേടി

മൂകമാം മാനസതാരിൻെറ മതിൽ കെട്ടു
കൾക്കിടയിൽ
ഞാൻ തിരയുന്ന കവി
അങ്ങെവിടെയാണ് ?
മിഥ്യയാം മൃതശരീരങ്ങൾ തന്നിടയിലും
തിരമാല പുൽകുമീ തീരങ്ങൾ തന്നിലും
ചിതറികിടക്കുമീ അക്ഷരമാം
മൺപാത്രങ്ങൾക്കിടയിലും
നീ പ്രത്യക്ഷമല്ലല്ലോ...
ഇരുളിനെ പുണരുന്ന കാർമേഘങ്ങൾ ക്കിടയിൽ ഞാൻ
നിൻ മുഖപടം കണ്ടവെന്നാകിലും
വ്യതിചലിക്കാത്ത മനസുമായി എമിക്കിനി തിരയേണം
ആദിയിൽ ഞാൻ കണ്ട നിന്നെ...
നിനക്കായി കാത്തിരിക്കുന്നക്ഷരക്കൂട്ടങ്ങൾക്കു വേണ്ടി
നിനക്കായി കാത്തിരിക്കുന്നി ശൂന്യമാം
കടലാസിനുവേണ്ടി
ഞാൻ തിരയുന്ന കവി
അങ്ങെവിടെയാണ്?

Sreya. S
10 A

# F M RADIO: SMHS106.1



